# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോടെയുള്ള പൂർണ്ണ അധിക ചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 1/7270/2018/കോ.വി.വ  തീയതി: 02/07/2018

---

പരാമർശം:- 1) 09/06/2017 തീയതിയിലെ ഈ ഓഫീസിലെ ബി 1/11073/2017/കോ.വി.വ. നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 04/05/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
3) 04/06/2018 തീയതിയിലെ കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പാളിന്റെ എ 1-243/2017/ടി നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിലെ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല ടി കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. ഷിനു പടിഞ്ഞാറെ മലമ്മലിന് നൽകിയിരുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കായിക വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. ഷിനു പടിഞ്ഞാറെ മലമ്മലിനെ ഗവൺമെന്റ് കോളേജ് മൊകേരിയിലേക്ക് സ്ഥലം മാറ്റം നൽകുകയുണ്ടായി. സ്ഥലംമാറ്റി നിയമിച്ച സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്നതിലേയ്ക്കായി തന്നെ സൂചന (1) പ്രകാരം നൽകിയ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയുള്ള പൂർണ്ണ അധിക ചുമതലയിൽ നിന്നും ഒഴിവാക്കണം എന്നും ടി ചുമതല ഇതേ കോളേജിലെ മറ്റൊരു കായിക വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ.റോയ് ജോൺ വി-യ്ക്ക് നൽകണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയുള്ള പൂർണ്ണ അധിക ചുമതല ടി കോളേജിലെ കായിക വിഭാഗ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. റോയ് ജോൺ വി -യ്ക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
ഹരിത വി കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും ഉദ്യോഗസ്ഥർക്കും (ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
3) അക്കൗണ്ടന്റ് ജനറൽ, കോട്ടയം
4) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 3/7/18

159790

GOVERNMENT OF KERALA 2017-18